# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 538** **02.12.2014-ലെ മറുപടിക്ക്**

## <u>സർക്കാരിന്റെ കടബാദ്ധ്യത</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആകെ എത്ര കോടി രൂപ കടമെടുത്തു എന്ന് വർഷം തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ ; പ്രസ്തുത കണക്കുകൾ എവിടെ നിന്നെല്ലാമാണ് ലഭ്യമായതെന്നും, എന്തെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക ചെലവഴിച്ചത് എന്നും വിശദമാക്കാമോ; | വിവിധ ഏജൻസികൾ, കേന്ദ്ര സർക്കാർ, പൊതുവിപണി എന്നിവിടങ്ങളിൽ നിന്നായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 47273.10 കോടി രൂപ കടമെടുത്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് പ്രധാനമായും കടപ്പത്രങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്. വായ്പ എടുത്ത മുഴുവൻ തുകയും Consolidated fund ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. Consolidated fund ൽ മറ്റു വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് വായ്പ എടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല. |

**<u>വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.</u>**

| നം. | വർഷം | ഏജൻസി | തുക (കോടിയിൽ) |
|---|---|---|---|
| 1. | 2011-12 | പൊതുവിപണി | 8880 |
| | | വിദേശ വായ്പ | 369.63 |
| | | നബാർഡ് | 444.11 |
| 2. | 2012-13 | പൊതുവിപണി | 11583 |
| | | NSSF | 630.04 |
| | | വിദേശ വായ്പ | 552.29 |
| | | നബാർഡ് | 410.02 |
| 3. | 2013-14 | പൊതുവിപണി | 12800 |
| | | NSSF | 565.14 |
| | | വിദേശ വായ്പ | 392.01 |
| | | നബാർഡ് | 501.25 |
| 4. | 2014-15 | പൊതുവിപണി | 9400 |
| | | NSSF | 31.85 |
| | | വിദേശ വായ്പ | 479.41 |
| | | നബാർഡ് | 234.35 |

| | ചോദ്യം | ഉത്തരം |
|---|---|---|
| (ബി) | അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിൽ നിന്നും എത്ര വരുമാനമാണ് ഉണ്ടാക്കിയത് എന്ന് വർഷം, ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ; | അധിക വിഭവ സമാഹരണമാർഗ്ഗങ്ങളിൽ നിന്നും ഉണ്ടായ വരുമാനം കണക്കാക്കിയിട്ടില്ല. |
| (സി) | സംസ്ഥാനത്ത് നിലവിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ? | സംസ്ഥാനത്ത് നിലവിൽ സാമ്പത്തിക പ്രതിസന്ധി ഇല്ല. |

സെക്ഷൻ ഓഫീസർ